## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6345

08.07.2014 - ൽ
മറുപടിയ്ക്ക്

## പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ആംഡ് റിസർവ്വ് പോലീസിലും ലോക്കൽ പോലീസിലും എത്ര ഒഴിവുകൾ നിലവിലുണ്ട് ; അത് പിഎസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | മലപ്പുറം ആംഡ് റിസർവ്വിൽ നിലവിൽ ഒഴിവുകളില്ല. ലോക്കൽ പോലീസിലുള്ള 6 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) മലപ്പുറം എം.എസ്.പി ബറ്റാലിയനിൽ നിന്നും എ.ആറിലേക്കും ലോക്കൽ പോലീസിലേക്കും ട്രാൻസ്ഫർ നൽകാറുണ്ടോ ; | (ബി) | മലപ്പുറം എം.എസ്.പി ബറ്റാലിയനിൽ നിന്നും ആംഡ് റിസർവ്വിലേക്ക് ട്രാൻഫർ നൽകാറുണ്ട്. എന്നാൽ ലോക്കൽ പോലീസിലേക്ക് ട്രാൻസ്ഫർ നൽകാറില്ല. |
| (സി) എങ്കിൽ അവസാനമായി എന്നാണ് ട്രാൻസ്ഫർ നൽകിയത് ; എത്ര പേർക്ക് നൽകി ; ആറ് മാസത്തിലധികമായി ട്രാൻസ്ഫർ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | 22.01.2014 ലെ എസ്.ഒ നമ്പർ 18/14 എ.പി.ബി പ്രകാരം 45 പേർക്ക് കോഴിക്കോട് എ.ആറിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. കൂടാതെ, 22.01.2014 ലെ എസ്.ഒ നമ്പർ 19/14 എ.പി.ബി പ്രകാരം 20 പേർക്ക് മലപ്പുറം ആംഡ് റിസർവ്വിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. അവസാന ട്രാൻസ്ഫർ നടന്നിട്ട് 6 മാസത്തിലധികമായിട്ടില്ല. |
| (ഡി) 50-ൽ പരം വരുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ എച്ച്സി പ്രൊമോഷൻ സംബന്ധിച്ച ആഭ്യന്തര വകുപ്പിന്റെ 117304/എ1/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ഡി) | പോലീസ് ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പുനർ നിർണ്ണയം സംബന്ധിച്ചുള്ള തുടർ നടപടികൾ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) റിട്ടയർമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഭരണവിഭാഗം എ.ഡിജിപി ക്ക് അടിയന്തര നിർദ്ദേശം നൽകുമോ ? | (ഇ) | നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ